# ഗാന്ധി ജയന്തി വാരാഘോഷം 2016 ന് മുന്നോടിയായി ബഹു. ജില്ലാ കളക്ടർ ശ്രീമതി വീണ എൻ.മാധവൻ ഐ.എ.എസ്സിന്റെ അധ്യക്ഷതയിൽ സെപ്റ്റംബർ 26ന് വൈകുന്നരേം 4.30ന് കളക്ട്രേറ്റിൽ കൂടിയ യോഗത്തിന്റെ മിനുട്സ്

## യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം:

1. ശ്രീ ചുനക്കര ജനാർദ്ദനൻ നായർ
2. ശ്രീ കെ. ചന്ദ്രപാലൻ, അസിസ്റ്റന്റ് കമ്മീഷണർ എക്സൈസ്
3. ശ്രീ വി. പ്രദീപ് കുമാർ എ.ഡി.സി (ജനറൽ)
4. ശ്രീ വി. അശോകൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
5. ശ്രീമതി ഷഗുഫാ ബായി, ജൂനിയർ സൂപ്രണ്ട്, ഖാദി ഗ്രാമവ്യവസായ ബോർഡ്
6. ശ്രീപി.വി. വിനോദ്, ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്
7. ശ്രീ കെ.വി. ജയചന്ദ്രൻ, എസ്.പി.സി.
8. ശ്രീ എസ്. സതീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
9. ശ്രീ കെ. ദേവരാജൻ, ആലപ്പുഴ നഗരസഭ
10. ഡോ. രാജേന്ദ്ര കുമാർ, ഡെപ്യൂട്ടി ഡി.എം.ഒ.
11. ശ്രീ വി. രാധകൃഷ്ണൻ
12. ശ്രീ എസ്. ഗോപാലകൃഷ്ണപിള്ള, സൂപ്രണ്ട്, കായംകുളം നഗരസഭ
13. ശ്രീ പി.ജെ. ടോമി, സൂപ്രണ്ട്, ചേർത്തല നഗരസഭ
14. ശ്രീ പി.ഡി. സുദർശനൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
15. ശ്രീമതി ആർ. സിംല, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ഡി.എൽ.എം.
16. ശ്രീ സഹദേവൻ നായർ, നെഹ്റു യുവകേന്ദ്ര
17. ശ്രീ ജി. ശശിധരൻപിള്ള, ജില്ലാ ലൈബ്രറി സെക്രട്ടറി
18. ശ്രീ രവി പാലത്തുങ്കൽ, പ്രസിഡന്റ് ജി.എസ്.കെ.
19. ശ്രീ കല്ലേലി രാഘവൻപിള്ള, ഗാന്ധി സ്മൃതി മണ്ഡപ സമിതി
20. ശ്രീ കെ. നാസർ, ഗാന്ധിമിഷൻ
21. ശ്രീ രാജു പള്ളിപ്പറമ്പിൽ, സബർമതി
22. ശ്രീ ചന്ദ്രഹാസൻ വടുതല, ജില്ലാ ഇൻഫർമേഷൻ ഓഫീസർ
23. ശ്രീ എം.കെ. കബീർ, എ.ഡി.എം.

## യോഗനടപടി

ബഹു. ജില്ലാ കളക്ടർ ശ്രീമതി വീണ എൻ. മാധവന്റെ ആധ്യക്ഷതയിൽ കൂടിയ യോഗം വൈകിട്ട് 4.30ന് ആരംഭിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ശ്രീ ചന്ദ്രഹാസൻ വടുതല യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തു. ഒക്ടോബർ രണ്ടു മുതൽ എട്ടു വരെയാണ് വാരാഘോഷം നടക്കുന്നതെന്നും രണ്ടിന് ജില്ലാതല ഉദ്ഘാടനവും എട്ടിന് സമാപനവും ജില്ലാതല സമിതിയുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുമെന്ന് ബഹു. ജില്ലാ കളക്ടർ പറഞ്ഞു. തുടർന്ന് യോഗത്തിൽ പങ്കെടുത്തവർ ഗാന്ധിജയന്തി വാരാഘോഷത്തിൽ നടത്തുന്ന വിവിധ പരിപാടികളെക്കുറിച്ചും പങ്കാളിത്തത്തെക്കുറിച്ചും വിശദീകരിച്ചു. എല്ലാ പൗരപ്രമുഖരുടെയും വകുപ്പുകളുടെയും സഹകരണം വേണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. വിവിധ പരിപാടികളുടെ സമയക്രമങ്ങൾ യോഗം അംഗീകരിച്ചു.

## തീരുമാനങ്ങൾ

1. ജില്ലാതല ഉദ്ഘാടനം ഒക്ടോബർ രണ്ടിന് രാവിലെ 9 മണിക്ക് കളക്ടറേറ്റിൽ ഗാന്ധിസ്മാരക മണ്ഡപത്തിൽ നടത്താൻ യോഗം തീരുമാനിച്ചു. രാവിലെ ഗാന്ധിപ്രതിമയിൽ

പുഷ്പാർച്ചന നടക്കും. തുടർന്ന് സർവ്വമത പ്രാർഥന. പരിപാടിയിൽ എസ്.പി.സി., എൻ.എസ്.എസ്. യൂണിറ്റുകൾ, എൻ.സി.സി., സാക്ഷരതാ പഠിതാക്കൾ എന്നിവരുടെ സാന്നിധ്യം ഉറപ്പാക്കാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കാൻ എസ്.പി.സി. ജില്ലാ കോ-ഓർഡിനേറ്റർ, വിദ്യാലയങ്ങളിലെ എൻ.എസ്.എസ്. കോ-ഓർഡിനേറ്റർമാർ, സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരെ ചുമതലപ്പെടുത്തി. അന്ന് ചേരുന്ന യോഗത്തിൽ ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ എന്നിവരെ പങ്കെടുപ്പിക്കുന്നതിനു ക്ഷണിക്കാൻ തീരുമാനിച്ചു. ചടങ്ങിൽ ശ്രീ കല്ലേലി രാഘവൻപിള്ള മുഖ്യപ്രഭാഷണം നടത്തും. ഉദ്ഘാടന സമ്മേളനത്തിനു ശേഷം എക്സൈസ് വകുപ്പിന്റെ ലഹരിവിരുദ്ധ സൈക്കിൾ റാലി ഫ്ളാഗ് ഓഫ് ചെയ്യും. ലജ്നത്ത് സ്കൂൾ, മുഹമ്മദൻസ് സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികളേയും അധ്യാപകരെയും പരിപാടിയിൽ പങ്കാളികളാക്കും. ഇതിനുള്ള നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി. ജില്ല ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ ചിത്രപ്രദർശനം സംഘടിപ്പിക്കും. അന്നേ ദിവസം വൈകിട്ട് കളക്ടറേറ്റിലെ വേദിയിൽ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സബർമതിയുടെ സഹകരണത്തോടെ ഗാന്ധി സ്മരണയിൽ ദീപാഞ്ജലിയും കാവ്യാഞ്ജലിയും നടക്കും. പരിപാടിയുടെ നടത്തിപ്പിന് നെഹ്റു യുവകേന്ദ്ര ജില്ലാ-കോ ഓർഡിനേറ്ററെ ചുമതലപ്പെടുത്തി. ഗാന്ധി സ്മൃതി മണ്ഡപം വൃത്തിയാക്കുന്നതിന് സ്മൃതി മണ്ഡപ സമിതിയെ ചുമതലപ്പെടുത്തി.

2. ഒക്ടോബർ രണ്ടിന് ജില്ലാ സാക്ഷരത മിഷന്റെ ആഭിമുഖ്യത്തിൽ ഗാന്ധി ക്വിസ് മത്സരം, ഉപന്യാസ മത്സരം എന്നിവ സംഘടിപ്പിക്കും. മത്സരവിജയികളായ ആദ്യ മൂന്നു സ്ഥാനക്കാരുടെ വിവരങ്ങളടങ്ങിയ പട്ടിക ഒക്ടോബർ ആറിനകം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമാക്കണം.

3. ഒക്ടോബർ രണ്ടിന് ചാരുംമൂട് പബ്ലിക് ലൈബ്രറിയിൽ വൈകിട്ട് അഞ്ചിന് ഗാന്ധിജി അനുസ്മരണ സമ്മേളനം നടക്കും.

4. ഒക്ടോബർ മൂന്നിന് സ്കൂളുകളിൽ ശുചിത്വ ദിനം ആചരിക്കും. സ്കൂൾ പരിസരവും ക്ലാസ് മുറികളും വിദ്യാർഥികളുടെയും അധ്യാപകരുടെയും പി.റ്റി.എ.യുടെയും നേതൃത്വത്തിൽ ശുചീകരിക്കും. അന്ന് സ്കൂളുകളിൽ ഗാന്ധിജിയുടെ ഓർമ്മയിൽ 'ഓർമ്മ മരം' നടാൻ തീരുമാനിച്ചു. പ്ലാവ് പോലുള്ള ഫലവൃക്ഷങ്ങൾ നടാം. സ്കൂളുകൾക്ക് നിർദേശം നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

5. ഒക്ടോബർ നാലിന് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ശുചിത്വ ദിനം ആചരിക്കും. നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഉപഡയറക്ടറെയും എ.ഡി.സി.യെയും നഗരസഭാ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി. സ്കൂളുകളിൽ പെയിന്റിങ്, പ്രസംഗം, ക്വിസ് മത്സരം, ഉപന്യാസ രചന മത്സരങ്ങൾ സംഘടിപ്പിക്കും. സ്കൂളുകൾക്ക് നിർദേശം നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. ശുചിത്വമിഷൻ, നെഹ്റുയുവ കേന്ദ്ര, സബർമതി എന്നിവയുടെ നേതൃത്വത്തിൽ 'ഗാന്ധിജി കണ്ട ശുചിത്വ സ്വപ്നം' എന്ന വിഷയത്തിൽ കലവൂരിൽ സെമിനാർ സംഘടിപ്പിക്കും.

6. ഒക്ടോബർ അഞ്ചിന് വിവിധ സർക്കാർ ഓഫീസുകളിൽ ശുചിത്വ ദിനം ആചരിക്കും. തുടർനടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പു മേധാവികൾക്കു നിർദേശം നൽകി.

7. ഒക്ടോബർ അഞ്ചിന് സ്കൂൾ വിദ്യാർഥികൾക്കായുള്ള ജില്ലാതല ക്വിസ് മത്സരം, ഉപന്യാസരചന, പെയിന്റിങ് മത്സരം, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിക്കും. വിദ്യാഭ്യാസ വകുപ്പും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ചേർന്നാണ് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുക. ജവഹർ ബാലഭവനിലാണ് പരിപാടി സംഘടിപ്പിക്കുക. സ്കൂൾ തലത്തിൽനിന്ന് വിജയികളായവർക്ക് പരിപാടിയിൽ പങ്കെടുക്കാം. സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം കരുതണം. ഇതു സംബന്ധിച്ച വിവരം സ്കൂളുകളെ അറിയിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

8. ഒക്ടോബർ ആറിന് കുടുംബശ്രീ, ആരോഗ്യപ്രവർത്തകർ എന്നിവർ ചേർന്ന് പൊതുസ്ഥലങ്ങൾ ശുചീകരിക്കും. ഇതിനുള്ള നിർദേശം നൽകാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരെയും(ആരോഗ്യം, ഹോമിയോ, ഐ.എസ്.എം.) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെയും ചുമതലപ്പെടുത്തി.

9. ഒക്ടോബർ ഏഴിന് നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സബർമതിയുടെ സഹകരണത്തോടെ നഗരചത്വരത്തിലെ ആർട്ട് ഗാലറിയിൽ ഗാന്ധി ചിത്രപ്രദർശനം സംഘടിപ്പിക്കും.

10. ഒക്ടോബർ എട്ടിന് ശുചിത്വപഠനയാത്ര സംഘടിപ്പിക്കും. ഗാന്ധിജിയുമായി ചരിത്രപരമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥലത്തേക്കായിരിക്കും യാത്ര. വിശ്വദർശന ബാലജനസഖ്യവും സബർമതിയും ചേർന്നായിരിക്കും യാത്ര സംഘടിപ്പിക്കുക.

12. ഇൻഫർമേഷൻ-പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ജാതി, വർഗീയത, മതതീവ്രവാദം എന്നിവയ്ക്കെതിരേയുള്ള പ്രചാരണം എന്ന വിഷയത്തെ അധികരിച്ച് സെമിനാറുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

13. ഗാന്ധിജയന്തി വാരാചരണ പരിപാടികളോടനുബന്ധിച്ചും മറ്റു പരിപാടികളോട് ബന്ധപ്പെടുത്തിയും കുടുംബശ്രീ യൂണിറ്റുകളുടെ ഉത്പന്നങ്ങളുടെ പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

14. ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഖാദി റിബേറ്റ് വിപണന മേള നടത്തുന്നതിന്റെ സാധ്യത ആരായാൻ തീരുമാനിച്ചു. തുടർ നടപടിക്ക് ബോർഡ് ജില്ലാ പ്രോജക്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

14. ഒക്ടോബർ എട്ടിന് ജില്ലാതല സമപാന സമ്മേളനം അമ്പലപ്പുഴ കുഞ്ചുപിള്ള സ്മാരക സ്കൂളിൽ സംഘടിപ്പിക്കും. വിവിധ ജില്ലാതല മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് ഇതിൽ സമ്മാനങ്ങൾ നൽകും. സമയം മുഖ്യാതിഥികളുമായി ബന്ധപ്പെട്ട് തീരുമാനിക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി.

മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനു തീരുമാനിച്ച് യോഗം വൈകിട്ട് 5.13ന് അവസാനിച്ചു.

ജില്ലാ കളക്ടർ,
ആലപ്പുഴ